പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1488 3.10.2016 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥർ

ചോദ്യം മറുപടി

ശ്രീ.കെ.ഡി.പ്രസേനൻ ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ താൽക്കാലിക നിയമനം കിട്ടി വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഭിന്നശേഷി യുള്ള ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ താൽക്കാലിക നിയമനം കിട്ടി വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാരുടെ എണ്ണം ഈ വകുപ്പിൽ ശേഖരിച്ചിട്ടില്ല. |
| (ബി) ഏതു വർഷം വരെ താൽക്കാലികമായി നിയമിച്ച ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1.1.1993 മുതൽ 31.12.2003 വരെ കാലയളവിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ച അംഗപരിമിതർക്ക് വിവിധ ഉത്തരവുകളിലൂടെ പുനർ/സ്ഥിര നിയമനം നൽകിയിട്ടുണ്ട്. |
| (സി) ഒന്നോ രണ്ടോ ദിവസത്തെ കുറവു കൊണ്ട് 179 ദിവസം താൽക്കാലിക നിയമനം പൂർത്തിയാക്കാൻ കഴിയാത്ത ഉദ്യോഗാർത്ഥി കൾക്ക് മാനുഷിക പരിഗണന നൽകി സ്ഥിരനിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ ? | (സി) പൊതു അവധി ദിനങ്ങൾക്ക് മുൻപായി 179 ദിവസം താൽക്കാലിക സേവനം പൂർത്തിയാക്കാനാകാത്ത ഉദ്യോഗാർത്ഥികൾക്ക് പൊതു അവധി ദിനങ്ങൾ ഉൾപ്പെടെ 179 ദിവസത്തെ സേവനം പൂർത്തിയാക്കിയതായി പരിഗണിച്ച് സ്ഥിരനിയമനം സർക്കാർ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ